*Uncorrected/Not for publication*

*23-06-2026*
*Special mention regarding the car accident in Kottarakkara*

**കൊട്ടാരക്കരയിലുണ്ടായ വാഹനാപകടം സംബന്ധിച്ച പ്രത്യേക പരാമർശം**

മാഡം ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് രാവിലെ കൊട്ടാരക്കരയിലുണ്ടായ വാഹന അപകടത്തെക്കുറിച്ച് മെൻഷൻ ചെയ്യാൻ ബഹുമാനപ്പെട്ട കൊട്ടാരക്കര അംഗത്തിന് ഒരു മിനിട്ട് സമയം അനുവദിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: മാഡം ഡെപ്യൂട്ടി സ്പീക്കർ, കൊട്ടാരക്കരയിൽ ഇന്ന് രാവിലെ വളരെ ദാരുണമായ ഒരു അപകടം നടന്നു. സ്കൂൾ കുട്ടികൾ ബസ്സ് കാത്തുനിൽക്കുന്ന സ്ഥലത്തേയ്ക്ക് ടിപ്പർ ലോറി ഇടിച്ചുകയറി 3 പേർ മരിച്ചു. 8 പേർക്ക് വളരെ ഗുരുതരമായി പരിക്കേറ്റു. അവരുടെ ചികിത്സ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണം. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടിയും സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഇന്ന് രാവിലെയുണ്ടായ ഈ സംഭവം ബഹുമാനപ്പെട്ട എം.എൽ.എ. എന്നെ അറിയിച്ചിരുന്നു. പരിക്കേറ്റ കുട്ടികളിൽ ചിലർക്ക് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലും ഗുരുതരമായി പരിക്കേറ്റവർക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിലും ചികിത്സ ഏർപ്പാട് ചെയ്തിട്ടുണ്ട്. മരണപ്പെട്ട കുട്ടികളുടെ പോസ്റ്റ്മാർട്ടം എത്രയും പെട്ടെന്ന് നടത്തി ബോഡി വിട്ടുകൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.